# ധിക്കരിക്കുന്നത് അല്ലാഹുവിനെ

**കെ.പി ഇസ്മാഈൽ**

عَنْ جَابِرٍ رَضِيَ اللهُ تَعَالَى عَنْهُ قَالَ: سَمِعْتُ رَسُولَ اللهِ ﷺ: يَقُولُ:
بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصَّلَاةِ

**ജാബിറി(റ)ൽനിന്ന് നിവേദനം: റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു: "ഒരാളുടെയും ശിർക്ക്-കുഫ്റാദികളുടെയും ഇടയിലുള്ളത് നമസ്കാരം ഉപേക്ഷിക്കലാകുന്നു"** (മുസ്ലിം).

കുളിച്ചു വൃത്തിയാക്കാത്തവനെ ആളുകൾ ഇഷ്ടപ്പെടുകയില്ല. അഴുക്ക് വസ്ത്രം ധരിച്ചുവരുന്നവനെ എല്ലാവരും വെറുക്കും. ഇത് ശരീരത്തിന്റെ കാര്യം. ശരീരം മാത്രമല്ലല്ലോ മനുഷ്യൻ. അവന് മനസ്സ് എന്നൊന്നുണ്ട്. ശരീരം പോലെ മനസ്സും ശുദ്ധമായിരിക്കേണ്ടേ?

'നിങ്ങളുടെ വീടിനരികിലൂടെ പുഴയൊഴുകുന്നുണ്ടെന്ന് കരുതുക. അഞ്ചു നേരവും നിങ്ങളതിൽ കുളിക്കുന്നു. എങ്കിൽ നിങ്ങളുടെ ശരീരത്തിൽ അഴുക്ക് ശേഷിക്കുമോ? അതുപോലെയാണ് അഞ്ചു നേരത്തെ നമസ്കാരം'- നബി പറയുകയുണ്ടായി.

അല്ലാഹുവിനെ നമ്മൾ കാണുന്നില്ലെങ്കിലും അല്ലാഹു നമ്മെ കാണുന്നുണ്ടെന്ന ബോധത്തോടെ ജീവിച്ചാൽ മാത്രമേ ജീവിതം കളങ്കരഹിതമാകൂ.

കുളിക്കാത്തവന്റെയും വസ്ത്രമലക്കാത്തവന്റെയും ശരീരം രോഗാണുക്കളുടെ വിഹാരകേന്ദ്രമാകും. നമസ്കാരം ഉപേക്ഷിക്കുന്നവൻ, അല്ലാഹുവിന്റെ സ്മരണ നിലനിർത്താത്തവൻ പാപങ്ങളിലേക്ക് വഴുതി വീഴാൻ എളുപ്പമാണ്. അതുകൊണ്ടാണ് ഖുർആൻ പറഞ്ഞത്: "വൃത്തികെട്ടതും തെറ്റായതുമായ പ്രവൃത്തികളിൽ നിന്ന് നമസ്കാരം മനുഷ്യനെ തടയുന്നു."

പരിസരത്ത് പള്ളിയുണ്ടായിട്ടും നമസ്കാരത്തിൽ പങ്കെടുക്കാത്തവന്റെ അവസ്ഥ പരിതാപകരമാണ്. അവന്റെ മനസ്സിൽ ഇരുട്ട് നിറയുന്നു. നല്ല കാര്യങ്ങളിൽ നിന്ന് അകലുന്നു. കുറ്റവാളികൾ അവന് കൂട്ടാകുന്നു. സമൂഹത്തിൽ അവൻ വെറുക്കപ്പെട്ടവനായിത്തീരുന്നു. സർവോപരി, നമസ്കാരമുപേക്ഷിക്കുന്നതുവഴി അല്ലാഹു ഏറ്റവും വെറുക്കുന്ന ശിർക്കിലേക്കും കുഫ്റിലേക്കും അവന്റെ ജീവിതം ഗതിമാറിപ്പോകാൻ ഇടയാകുന്നു എന്ന് ഹദീസിലൂടെ നബി മുന്നറിയിപ്പ് നൽകുന്നു.

'നമസ്കാരത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക' എന്ന് വിളിക്കുന്നത് പള്ളി മുക്രിയല്ല, അല്ലാഹുവാണ്. ബാങ്കു വിളി കേട്ടിട്ടും പള്ളിയിൽ പോകുന്നില്ലെങ്കിൽ, നമസ്കാരം ഉപേക്ഷിക്കുന്നുവെങ്കിൽ ധിക്കരിക്കുന്നത് അല്ലാഹുവിനെ തന്നെയാണ്. ■